# ത്രികടു





കുരുമുളക്



ചുക്ക്

തിപ്പലി


**കേരള കാർഷിക സർവ്വകലാശാല**

**സുഗന്ധതൈല ഔഷധസസ്യ ഗവേഷണ കേന്ദ്രം**

ഓടക്കാലി, അശമന്നൂർ പി.ഒ., എറണാകുളം ജില്ല, കേരളം, ഇന്ത്യ, പിൻ കോഡ്–683549 ഫോൺ:(0484) 2658221 ഫാക്സ്: (0484) 2659881 ഇ–മെയിൽ: amprs@kau.in, amprskau@gmail.com

# ത്രികടു

ചുക്ക്, കുരുമുളക്, തിപ്പലി ഇവ മൂന്നും ചേരുന്നതിനെയാണ് ത്രികടു എന്നു പറയുന്നത്.

ഔഷധ ഗുണങ്ങൾ

- ത്രികടു കഷായം ന്യൂമോണിയ, അഗ്നിമാന്ദ്യം പനി എന്നിവയ്ക്ക് നല്ലതാണ്.
- വരണ്ട ചുമയ്ക്ക് ചുക്ക്, കുരുമുളക്, തിപ്പലി ഇവ സമം ചേർത്ത് ഉണക്കി പൊടിച്ച് ചെറു തേനിൽ ചേർത്ത് കഴിക്കുക.
- ജ്വരം, കഫക്കെട്ട് എന്നിവയ്ക്ക് ത്രികടു സമമെടുത്ത് അഞ്ചിരട്ടി വെള്ളത്തിൽ കഷായം വെച്ച് പകുതിയാക്കി വറ്റിച്ച് രണ്ടു നേരം 20 മി.ലി. വീതം കുടിക്കുന്നത് നല്ലതാണ്.
- അഷ്ടചൂർണത്തിലെ ഒരു പ്രധാന ഘടകം കൂടിയാണിത്.

## 1. ചുക്ക്

**ശാസ്ത്രനാമം: സിഞ്ചിബർ ഒഫിഷ്യനാലിസ്**

**കുടുംബം: സിഞ്ചിബറെസിയേ**

**രൂപവിവരണം:** ചിരസ്ഥായിയായ ഒരു ഔഷധസസ്യമാണ് ഇഞ്ചി. ഉണങ്ങിയ ഇഞ്ചിയെ ചുക്ക് എന്നു പറയുന്നു. ചെടിയുടെ ഭൂകാണ്ഡമാണ് ഇഞ്ചി. ഭൂകാണ്ഡത്തിന്റെ ഉൾവശം മഞ്ഞനിറമാണ്. ഭൂകാണ്ഡത്തിൽ നിന്നും മഞ്ഞ നിറമുള്ള വേരുകൾ താഴെ മണ്ണിലേക്ക് താഴ്ന്നിറങ്ങുന്നു. ഇലകൾ ഏകാന്തരക്രമത്തിൽ വിന്യസിച്ചിരിക്കുന്നു. ഇഞ്ചി അപൂർവമായി മാത്രമേ പുഷ്പിക്കാറുള്ളൂ.

**ആവാസകേന്ദ്രം:** ഉഷ്ണ മിതോഷ്ണ മേഖലയിൽ ഇഞ്ചി കൃഷി ചെയ്തു വരുന്നു. സമുദ്ര നിരപ്പിൽ നിന്നും 1500 മീറ്ററിൽ കൂടുതൽ ഉയരമുള്ള വയനാട്ടിലും അതിനു തൊട്ടു താഴെയുള്ള പ്രദേശങ്ങളിലും ഇഞ്ചി ധാരാളമായി കൃഷി ചെയ്തു വരുന്നു.

**കൃഷിരീതി:** ധാരാളം സൂര്യപ്രകാശം ലഭിക്കുന്ന തുറസ്സായസ്ഥലമാണ് ഇഞ്ചിക്കൃഷിക്ക് ഏറ്റവും അനുയോജ്യം. നന്നായി കിളച്ചൊരുക്കിയ നീർവാർച്ചയുള്ള സ്ഥലത്ത് ഒരു മീറ്റർ വീതിയും 15 സെ.മീ. ഉയരവും സൗകര്യ പ്രദമായനീളവും ഉള്ള വാരങ്ങൾ എടുത്തശേഷം നിശ്ചിതഅകലത്തിൽ ചെറുകുഴികൾ എടുത്ത് വേണം വിത്തിഞ്ചി നടാൻ. ഇഞ്ചി ചെറു കഷണങ്ങളാക്കിയാണ് നടേണ്ടത്. നട്ട ശേഷം പച്ചിലകൾ കൊണ്ട് പുതയിടണം. വിളവെടുക്കാൻ പാകമാകുമ്പോൾ ഇലകൾ മഞ്ഞ നിറമാകുകയും തണ്ടുകൾ ഒടിഞ്ഞു താഴുകയും ചെയ്യും. ചുക്കാക്കാനുള്ള ഇഞ്ചി 8–9 മാസത്തിലേ വിളവെടുപ്പ് നടത്താവൂ.

**ഔഷധ പ്രയോഗങ്ങൾ:** വയറു വേദന, ദഹനക്കുറവ് ഇവ മാറാൻ ചുക്ക്, ഏലക്കാ, വെളുത്തുള്ളി ഇവ സമമെടുത്ത് കഷായം വെച്ച് 25 മി.ലി. വീതം ദിവസവും രണ്ടു നേരം വീതം കഴിക്കുക. ചുക്കുപൊടി തേനിൽ കുഴച്ച് ഒരു ഗ്രാം വീതം മൂന്നു നേരം കഴിച്ചാൽ വയറിളക്കത്തിന് ശമനമുണ്ടാകും. ചുമക്ക് ചുക്ക്, ജീരകം, പഞ്ചസാര ഇവ ചേർത്തു പൊടിച്ച് ഉപയോഗിക്കുക. പ്രസവശേഷം വായു ശമനത്തിന് ചുക്ക് വിശേഷപ്പെട്ട ഒരു ഔഷധമാണ്. കോളറ മൂലം തളർച്ചയുണ്ടായാൽ ചുക്ക് പൊടിച്ച് കൈ കാലുകളുടെ അഗ്രത്തിൽ തിരുമ്മുക. ചുക്ക്, ഇലവർങ്ങത്തോൽ, ആവണക്കിൻ വേര്, കരയാമ്പൂ ഇവ സമം ചേർത്ത് അരച്ചു നെറ്റിയിൽ പുരട്ടിയാൽ വാത സംബന്ധമായ തലവേദന ശമിക്കും. ചുക്ക്, മുക്കുറ്റി, അതിവിടയം, കൊടുവേലിക്കിഴങ്ങ്, കൂവളത്തിന്റെ വേര്, പാടകിഴങ്ങ്, തിപ്പലി, കുടകപ്പാലരി, അയമോദകം ഇവകൊണ്ടുള്ള കഷായം അതിസാരം ശമിപ്പിക്കും.

## 2. കുരുമുളക്

**ശാസ്ത്രനാമം: പൈപ്പർ നൈഗ്രം**

**കുടുംബം: പൈപ്പറേസിയേ**

പ്രസിദ്ധവും പ്രാചീനവും വിലപിടിപ്പുള്ളതുമായ ഒരു മസാല എന്നതിലുപരി ഒരു ഔഷധമെന്ന നിലയിലും ലോകകമ്പോളത്തിൽ സുപ്രധാന സ്ഥാനം വഹിക്കുന്ന ഒന്നാണ് കുരുമുളക്.

**ആവാസകേന്ദ്രം:** കുരുമുളകിന്റെ ജന്മദേശം കേരളമാണെന്ന് കരുതപ്പെടുന്നു. തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലും തെക്കേ ഇന്ത്യയിലും വിപുലമായ തോതിൽ കൃഷി ചെയ്തു വരുന്നു. സമുദ്രനിരപ്പിൽ നിന്നും 1500 മീ. ഉയരമുള്ള വളക്കൂറുള്ള മണ്ണിൽ കുരുമുളക് തഴച്ചു വളരുന്നു.

**രൂപവിവരണം:** പറ്റു വേരുകളുടെ സഹായത്തിൽ താങ്ങു വൃക്ഷങ്ങളിൽ പറ്റിപ്പിടിച്ച് മുകളിലേക്ക് വളരുന്ന ഒരു ബഹുവർഷി ആരോഹിസസ്യമാണ് കുരുമുളക്. കടും പച്ച നിറമാണ് ഇതിനുള്ളത്. ഇതിന്റെ പൂക്കൾ വളരെ ചെറുതാണ്. ഫലങ്ങൾ പച്ച നിറത്തിലുള്ളതാണ്. പാകം എത്തുമ്പോൾ ഇവ ചുവപ്പു നിറമാകും.

**കൃഷിരീതി:** തലകൾ മുറിച്ചുനട്ടാണ് കുരുമുളകു തൈകൾ സാധാരണയായി ഉത്പാദിപ്പിക്കുന്നത്. രോഗബാധയില്ലാത്ത ചെടികളിൽ നിന്നും തൈകൾക്കു വേണ്ടിയുള്ള വള്ളിത്തല മുറിച്ചെടുത്ത ശേഷം (ചെന്തലകളാണ് ഏറ്റവും നല്ലത്) പോളിത്തീൻ സഞ്ചികളിൽ തണ്ട് വേരു പിടിപ്പിച്ച ശേഷം തൈകൾ താങ്ങുകൾക്ക് അരികെ നടുന്ന രീതിയാണ് നല്ലത്. ചെന്തലയുടെ നടുഭാഗത്തു നിന്നുള്ള ആരോഗ്യമുള്ള കഷണങ്ങൾ വേണം മുറിച്ചെടുക്കാൻ. 20 x 10 സെ.മീ. വലിപ്പവും സുഷിരവുമുള്ള പോളിത്തീൻ സഞ്ചികളിൽ വളക്കൂറുള്ള മണ്ണ് നിറച്ച ശേഷം കഷണങ്ങൾ നടാം. നട്ട ശേഷം വേണ്ട വിധം നനക്കുകയും തണൽ നൽകുകയും വേണം. ജൂൺ-ജൂലൈ മാസങ്ങളാണ് കൃഷിക്ക് ഏറ്റവും അനുയോജ്യം. കൂടുതൽ തൈകൾ അതിവേഗം ലഭ്യമാക്കാൻ ദ്രുതപ്രവർദ്ധനം എന്നൊരു രീതിയും അവലംബിച്ചു വരുന്നു.

ഔഷധപ്രയോഗങ്ങൾ : കുരുമുളക് കഷായം ചെറുചൂടോടുകൂടി പല പ്രാവശ്യം കവിൾകൊണ്ടാൽ തൊണ്ട ചൊറിച്ചിൽ, തൊണ്ടനീര്, ഇവ ശമിക്കും. കുരുമുളകിട്ട് വെളിച്ചെണ്ണ കാച്ചിതേച്ചാൽ ശരീരത്തിലെ അസഹ്യമായ ചൊറിച്ചിൽ ശമിക്കും. തക്കാളി അരിഞ്ഞ് കുരുമുളക്പൊടി വിതറി രാവിലെ വെറും വയറ്റിൽ രണ്ടോ മൂന്നോ ദിവസം കഴിച്ചാൽ വിര ശമിക്കും. പനി ശമിപ്പിക്കാനും ഇതിന് കഴിവുണ്ട്. അപസ്മാരരോഗികൾ വീണുപോയാൽ കുരുമുളക് കത്തിച്ച പുക ശ്വസിപ്പിക്കുക. കഫം കൊണ്ട് ഉണ്ടാകുന്ന തലവേദനക്ക് കുരുമുളകും അരിയും ചൂടുവെള്ളത്തിൽ അരച്ച് തലയിൽ പുരട്ടുക. കുരുമുളകും ചുക്കും ചേർത്ത കാപ്പി കുടിച്ചാൽ പനി, ജലദോഷം, ആർത്തവസംബന്ധമായ വയറുവേദന ഇവ മാറികിട്ടും

## 3. തിപ്പലി

**ശാസ്ത്രനാമം: പെപ്പർ ലോംഗം**

**കുടുംബം: പൈപ്പരേസിയേ**

ആയുർവ്വേദം, സിദ്ധ, യുനാനി എന്നിവയിൽ ഒരു വിശിഷ്ട ഔഷധമായി കണക്കാക്കുന്ന് ഒന്നാണ് തിപ്പലി. ചെറുതിപ്പലി, വൻതിപ്പലി, അത്തിതിപ്പലി, നീർതിപ്പലി എന്നിങ്ങനെ തിപ്പലി പലതുണ്ട്. കേരളത്തിൽ നല്ല തിപ്പലിയായി അറിയപ്പെടുന്നത് ഏതാണ്ട് അരമുക്കാൽ ഇഞ്ച് നീളത്തിൽ കാണപ്പെടുന്ന ഉരുണ്ട ദൃഡമായ തിപ്പലിയാണ്

**ആവാസ കേന്ദ്രം:** ആസാം, ബംഗാൾ, കേരളം എന്നിവിടങ്ങളിൽ തിപ്പലി വളരുന്നു. വള്ളിയായി പടരുന്ന ഇതിന്റെ വേരും കായും ഔഷധ ഗുണങ്ങൾ നിറഞ്ഞതാണ്. കേരളത്തിലെ കാലാവസ്ഥയിൽ ഇത് നന്നായി വളരുന്നു.

**രൂപവിവരണം:** കുരുമുളക് കൊടിയോട് സാദൃശ്യമുള്ള പടർന്നു വളരുന്ന ഒരു ചെറു സസ്യമാണ് തിപ്പലി. കുരുമുളകിനോളം ഉയരത്തിൽ തിപ്പലി വളരുന്നില്ല. കുരുമുളകിന്റെ അത്ര തന്നെ ഘനവും ഇതിനില്ല. വർഷക്കാലത്ത് പുഷ്പിക്കുകയും ശരത്കാലത്ത് കായ്കൾ ഉണ്ടാകുകയും ചെയ്യുന്നു.

**കൃഷിരീതി:** തിപ്പലിയുടെ 15-20 സെ.മീ. നീളമുള്ള കഷണങ്ങൾ പോളീബാഗുകളിൽ വേരു പിടിപ്പിച്ചാണ് കൃഷിക്കായി ഉപയോഗിക്കുന്നത്. നല്ല ജൈവാംശവും ഈർപ്പവുമുള്ള മണ്ണിൽ നന്നായി കിളച്ചൊരുക്കിയ ശേഷം അര മീറ്റർ വീതിയിലും നീളത്തിലും 15-20 സെ.മീ. ഉയരത്തിലുമുള്ള പണകൾ എടുത്ത് അതിൽ 15 സെ.മീ. അകലത്തിൽ ചെറിയ കൈക്കുഴികൾ എടുത്ത് മൂന്ന് മാസം പ്രായമായ പോളിബാഗു തൈകൾ അതിൽ നടാവുന്നതാണ്. മേയ്-ജൂൺ മാസങ്ങളാണ് നടുന്നതിന് നല്ലത്. മാസത്തിലൊരിക്കൽ ജൈവവള പ്രയോഗം, കളയെടുക്കൽ എന്നിവ നടത്തിയാൽ 6-10 മാസം മുതൽ കായ്കൾ ഉണ്ടാകും. കടും പച്ച നിറമാകുന്ന തിരികൾ പറിച്ചെടുത്ത് തണലിൽ ഉണക്കി സൂക്ഷിക്കാം.

**ഔഷധ പ്രയോഗങ്ങൾ:** ചുമ, കഫക്കെട്ട് ഇവക്ക് ഇത് നല്ലൊരൗഷധമാണ്. ഒരു പരിധി വരെ രോഗാണുക്കളെ നശിപ്പിക്കാനുള്ള കഴിവുണ്ട്. അതിസാരത്തിന് തിപ്പലിയും, കുരുമുളകും സമ അളവിൽ പൊടിച്ച് തിളപ്പിച്ചാറിയ വെള്ളത്തിൽ കുടിക്കുക. എന്നാൽ തിപ്പലി അധികകാലം തുടർച്ചയായി കഴിക്കുന്നത് നല്ലതല്ല.